# ശ്രദ്ധ നേടി തിരുവനന്തപുരത്തിന്റെ ഫേസ്ഷീൽഡ് നിർമ്മാണം

കോവിഡ് 19 രോഗബാധയുടെ പശ്ചാത്തലത്തിൽ വിവിധ ജില്ലകളിലെ കുടുംബശ്രീ സംരംഭകർ ഫേസ്മാസ്കും സാനിറ്റൈസറും ഉൾപ്പെടെയുള്ള ഉത്പന്നങ്ങൾ നിർമ്മിച്ച് പൊതുജനങ്ങൾക്കും വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകുന്ന പ്രവർത്തനങ്ങൾ നടത്തി വരികയാണ്. എന്നാൽ ആരോഗ്യപ്രവർത്തകർക്ക് പ്രത്യേകിച്ചും രോഗികളുമായി നേരിട്ട് സമ്പർക്കത്തിൽ വരാൻ സാധ്യതയുള്ള ഡോക്ടർമാർ, നേഴ്സുമാർ, ആശുപത്രി ജീവനക്കാർ എന്നിവർക്കായി ഫേസ്ഷീൽഡ് നിർമ്മിച്ച് നൽകി ഈ മേഖലയിൽ ശ്രദ്ധേയ പ്രവർത്തനം നടത്തുകയാണ് തിരുവനന്തപുരം ജില്ല.

തിരുവനന്തപുരം ജില്ലയിലെ കരകുളം പഞ്ചായത്തിലെ അക്ഷയം സംരംഭ യൂണിറ്റാണ് പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ഫേസ്ഷീൽഡ് നിർമ്മാണം വിജയകരമായി ഇപ്പോൾ മുന്നോട്ട് കൊണ്ടുപോകുന്നത്. ഇതുവരെ 2500 ഫേസ്ഷീൽഡുകൾ നിർമ്മിച്ച് ആവശ്യക്കാർക്ക് നൽകി കഴിഞ്ഞു. ഡോക്ടർമാരും നേഴ്സുമാരുമൊക്കെ രോഗം പകരാതിരിക്കാൻ ധരിക്കുന്ന പേഴ്സണൽ പ്രൊട്ടക്ഷൻ എക്വിപ്മെന്റിന് ഒപ്പം ഫേസ്ഷീൽഡ് കൂടി ഉപയോഗിക്കുന്നത് കൂടുതൽ സുരക്ഷ നൽകുന്നു. ഫേസ്മാസ്ക്, ഗോഗിൾസ് എന്നീ സുരക്ഷാ കവചങ്ങളിലേക്ക് അണുപ്രസരണമുണ്ടാകുന്നത് കുറ□ാൻ ഫേസ്ഷീൽഡിന് കഴിയുന്നു.

വളരെ കുറഞ്ഞ ചെലവിൽ, മാർക്കറ്റിൽ സുലഭമായി ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കളുപയോഗിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പി.ജി വിദ്യാർത്ഥിയായ ഡോ. മുഹമ്മദിന്റെ നേതൃത്വത്തിൽ ടി.എം.സി ഷീൽഡ് എന്ന പേരിൽ ഫേസ്ഷീൽഡ് നിർമ്മിച്ചിരുന്നു. ഇത് അറിഞ്ഞതോടെയാണ് സംരംഭ മാതൃകയിൽ ഫേസ്ഷീൽഡ് നിർമ്മാണം ആരംഭിക്കാൻ ശ്രമിക്കുന്നത്. ആദ്യപടിയായി ഇവരിൽ നിന്ന്

ഫേസ്ഷീൽഡ് നിർമ്മാണത്തിന്റെ സാങ്കേതിക വിദ്യ അക്ഷയം യൂണിറ്റ് പഠിച്ചു. പിന്നീട് നിർമ്മാണം ആരംഭിക്കുകയായിരുന്നു.

പോളിഫോം ഷീറ്റ്, ഒഎച്ച്പി ഷീറ്റ്, ഫെവിക്കോൾ എസ്ആർ 505, സിന്തറ്റിക് തുണി എന്നിവ ഉപയോഗിച്ചാണ് പത്ത് പേരടങ്ങുന്ന ഈ യൂണിറ്റ് ഫേസ്ഷീൽഡിന്റെ നിർമ്മാണം നടത്തുന്നത്. ദിനംപ്രതി 300ലേറെ ഫേസ്ഷീൽഡുകളാണ് 10 പേരടങ്ങുന്ന ഈ യൂണിറ്റ് ഇപ്പോൾ നിർമ്മിക്കുന്നത്. സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സ് അസോസിയേഷന് 1000 ഉം തിരുവനന്തപുരത്തെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിക്ക് 500 ഉം ഫേസ് ഷീൽഡുകൾ നൽകി കഴിഞ്ഞു. ഇത് കൂടാതെ സ്വകാര്യ ആശുപത്രികളിലെയും മറ്റും ഡോക്ടർമാർ അടക്കമുള്ളവർ ഈ യൂണിറ്റിൽ നിന്ന് നേരിട്ടും ഫേസ്ഷീൽഡുകൾ വാങ്ങുന്നു.